HON'BLE MR. G. RAMACHANDRAN: സുജന്യനിരക്കിൽ പതിച്ചുകൊടുക്കുന്നതിനു നീക്കിവച്ചിട്ടുള്ളതു് നൂറ് ഏക്കർ നൂറു സെൻറ് സ്ഥലമാണു്. അതിൽ ഇതുവരെ ഒരുനൂറു ഏക്കർ ഒരു സെൻറ സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടു്.

MR. T. T. KESAVAN SASTRI : ബാക്കിയുള്ള സ്ഥലത്തിനു് അപേക്ഷകന്മാർ ഉണ്ടെങ്കിൽ ഗവണ്മെൻറ് പതിച്ചുകൊടുക്കുന്നതിനു വേണ്ട നടപടി എടുക്കുമോ?

HON'BLE MR. G. RAMACHANDRAN : നിശ്ചയമായും.

MR. T. T. KESAVAN SASTRI: ഈയർ മാർക്ക് ചെയ്തിട്ടുള്ള സ്ഥലങ്ങളും അന്യർ കൈവശപ്പെടുത്തീട്ടുണ്ടെങ്കിൽ ഗവണ്മെൻറ് അതിനു് എന്തുനടപടി നടത്തി എന്നു പറയാമോ?

HON'BLE MR. G. RAMACHANDRAN : അങ്ങനെയുള്ള കാര്യങ്ങളിൽ ഗവണ്മെൻറു വേണ്ടപോലെ അന്വേഷിച്ചു നടപടി നടത്തുന്നതാണു്.

MR P. M. VARGHESE (*Thodupuzha II—General*) : സുജന്യനിരക്കു് എന്താണെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : അതിനു് നോട്ടീസ് വേണം.

ഹരിജൻ ഹോസ്റ്റലുകൾ.

73. MR. T. T. KESAVAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

തിരുവനന്തപുരം, നാഗർകോവിൽ, കൊല്ലം, അടൂർ, കോട്ടയം, പറവൂർ എന്നീ സ്ഥലങ്ങളിലുള്ള ഗവണ്മെൻറു ഹരിജൻ ഹോസ്റ്റലുകളിൽ, ഈ സ്കൂൾവർഷത്തിൽ എത്ര അദ്ധ്യേതാക്കൾക്കുവീതം യഥാക്രമം പ്രവേശനം അനുവദിച്ചിട്ടുണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN: ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

MR. K. R. ELANKATH : അപേക്ഷകന്മാരുടെ ഏതെങ്കിലും അപേക്ഷകൾ നിഷേധിച്ചിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ വരാൻ ഇടയുണ്ടു്.

MR. T. V. DEVAN : ഫീസ് അടയ്ക്കുന്നവർക്കുമാത്രമേ പ്രവേശനമുള്ളു എന്നു നിശ്ചയിച്ചിട്ടുണ്ടോ?

* Vide Appendix B.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. G. RAMACHANDRAN : തീർച്ചപറയാൻ നിവൃത്തിയില്ല.

MR. P. C. ADICHAN (*Kunnathur II—Kurava*) : ഫീ വയസ്സിന് താഴെയുള്ള വരെ ഹോസ്റ്റലിൽ പ്രവേശിപ്പിച്ചുകൂടാ എന്ന നിയമം ഉണ്ടെങ്കിൽ അതു ഓർഡർ ഭേദഗതി വരുത്താൻ ഗവണ്മെൻറ് തയാറാകുമോ?

HON'BLE MR. G. RAMACHANDRAN: ഇപ്പോൾ അതു പറയാൻ നിവൃത്തിയില്ല. അങ്ങനെ ഒരു നിയമമുണ്ടെങ്കിൽ അതു് എന്തുകൊണ്ടുണ്ടായി എന്നറിഞ്ഞ ശേഷം അതിനെപ്പറ്റി ആലോചിക്കാം.

MR. P. C. ADICHAN : ഫീ വയസ്സു തികഞ്ഞില്ലാ എന്ന കാരണത്താൽ ഹോസ്റ്റലിൽ പ്രവേശിക്കാൻ സാധിക്കാതെ പലരും കഷ്ടപ്പെടുന്നതായി ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ?

HON'BLE MR. G. RAMACHANDRAN : ഞാൻ മുൻപു പറഞ്ഞ മറുപടിയിൽ കൂടുതലായി ഒന്നും പറയാനില്ല.

MR A. ABDUL RAZAK (*Nedumangad I—Musilm*): Will the Hon'ble member please explain what is meant by the term 'Harijan'?

HON'BLE MR. G. RAMACHANDRAN : Am I expected to answer this question, Sir? Does it arise out of this?

74. പുനലൂർ ടൗണിൽ ഇലക്ട്രിക്ക് പവ്വർ വിതരണം.

MR. MOHAMMED MUSTAFA (*Pathanapuram—Muslim*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) പുനലൂർ ടൗണിൽ ഇലക്ട്രിക്ക് പവ്വർ വിതരണം ചെയ്യുന്നതിനുള്ള എല്ലാ ഏർപ്പാടുകളും പൂർത്തിയായിട്ട് ഇപ്പോൾ ഒരു വർഷത്തിനു മേലായിട്ടും എന്തോ സാങ്കേതിക തടസ്സത്തിന്മേൽ ഇതുവരേയും പവ്വർ വിതരണം തുടങ്ങിയിട്ടില്ലെന്നുള്ളതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

(ബി) അതിന്മേൽ പുനലൂർ നിവാസികൾക്ക് ഉണ്ടായിട്ടുള്ള കഷ്ടനഷ്ടത്തെപ്പറ്റി ഗവണ്മെൻറിനു പരാതികൾ കിട്ടിയിട്ടില്ലെ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി എന്നു വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

Appendix A.

[*Vide* Answer to Question No. 71].

Name of Pakuthy.	Area earmarked.		Area assigned.	
	Acre.	Cent.	Acre.	Cent.
1. Ramapuram ...	156	99	100	63
2. Kondoor ...	100	57	41	48
3. Bharanan-ganam ...	53	34	52	36
4. Uzhavoor ...	3	31	3	27
Total ...	314	21	197	74

Appendix B.

[*Vide* Answer to Question No. 73.]

Name of Hostel.	*No. of Students admitted.*
S. C. H. Hostel Trivandrum	34
Harijan Hostel Nagercoil	30
„ Adoor	34
„ Kottayam	30
H. H. for girls Quilon	30
„ Parur	11

LIBRARY ARCHIVES Kerala Legislative Assembly